# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025–26



## സെൻ്റ്.മേരീസ് എ.എൽ.പി. സ്കൂൾ മേരിപുരം

കാസറഗോഡ് ഉപജില്ല

കാസറഗോഡ് വിദ്യാഭ്യാസ ജില്ല

കാസറഗോഡ് ജല്ല

# ആമുഖം

കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിൽ കരിവേടകം എന്ന ഗ്രാമത്തിലാണ് ഈ വിദ്യാലയം സ്ഥിതിചെയ്യുന്നത്. സെന്റ്.മേരീസ് എ.എൽ.പി. സ്കൂൾ മേരിപുരം എന്ന് പേരുള്ള ഈ വിദ്യാലയം വിവിധ പ്രഖ്യാപിത ലക്ഷ്യങ്ങൾ കൈവരിക്കാനാഗ്രഹിക്കുന്നു.പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യത്തോടെ പൊതു വിദ്യാഭ്യാസ വകുപ്പ് സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി വർഷമായി 2025-26 അധ്യായന വർഷത്തെ കാണുകയും വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങളിലൂടെ മുന്നോട്ടു പോയിക്കൊണ്ടിരിക്കുകയുമാണ്.

ഓരോ പൊതുവിദ്യാലയവും ഭൗതീക-സാമൂഹിക-അക്കാദമിക മേഖലകളിൽ ഏറെ മുന്നോട്ടുപോകാൻ പര്യാപ്തമായ രീതിയിൽ വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി കൊണ്ടിരിക്കുകയാണ്.അതിന്റെ ഭാഗമായി ഞങ്ങളും സെന്റ്. മേരീസ് എ.എൽ.പി. സ്കൂൾ മേരിപുരത്തിന്റെ അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും അക്കാദമിക നിലവാരം ഉയർത്താൻ ഉതകും വിധം അത് നടപ്പിലാക്കാനുള്ള ഒരുക്കത്തിലുമാണ്.

കുട്ടികളെ മികച്ച പൗരന്മാരാക്കി വളർത്താൻ ഇത്തരം വിദ്യാലയങ്ങൾ നിലനിൽക്കേണ്ടത് അത്യാവശ്യമാണ്.കുട്ടികൾക്ക് സ്വതന്ത്രവും താല്പര്യ ജനകവുമായ രീതിയിൽ പഠനാന്തരീക്ഷം ഒരുക്കുക എന്നതാണ് സെന്റ്.മേരീസ് എ.എൽ.പി. സ്കൂൾ മേരിപുരം എന്ന ഈ വിദ്യാലയത്തിന്റെ പ്രഖ്യാപിത ലക്ഷ്യം.

# ലക്ഷ്യങ്ങൾ

## ഭാഷ

1. കഥോത്സവം റീഡേഴ്സ് തിയേറ്റർ പാട്ടരങ്ങ് കഥയരങ്ങ് വായനോത്സവം തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ വിദ്യാലയത്തിലെ ഓരോ കുട്ടിയിലും ബാലസാഹിത്യകൃതികൾ വായിച്ച് ആശയം പങ്കിടാനുള്ള കഴിവ് വളർത്തുന്നു

2. രചനോത്സവം നടത്തുന്നതിലൂടെ ചിത്രം നോക്കി കഥയെഴുതാനും തെറ്റുകൂടാതെ വാക്യങ്ങൾ വിവരണങ്ങൾ എന്നിവ എഴുതാനും കുട്ടികളെ പ്രാപ്തരാക്കുക. പതിപ്പ് തയ്യാറാക്കി രചനകൾ ശേഖരിക്കുക.

3. സചിത്ര - സംയുക്ത - സർഗ്ഗാത്മക ഡയറികളുടെ എഴുത്തിലൂടെ സർഗാത്മക രചനകൾ മെച്ചപ്പെടുത്തുക

4. ബാലസാഹിത്യകൃതികൾ വായിക്കുന്നതിലൂടെ സ്വതന്ത്രമായ ആശയപ്രകടനത്തിനും സ്വതന്ത്ര വായനയ്ക്കും അവസരം ഒരുക്കുക .

5. വായനോത്സവം പരിപാടിയിലൂടെ മുഴുവൻ കുട്ടികളെയും സ്വതന്ത്ര വായനക്കാരും എഴുത്തുകാരുമാക്കി മാറ്റുക .

## ഗണിതം

1. മഞ്ചാടി സഞ്ചിയിലെ മൂർത്തവസ്തുക്കൾ ഉപയോഗപ്പെടുത്തി കുട്ടികളിൽ സംഖ്യാബോധം ഉറപ്പിക്കുക

2. അബാക്കസ് ഉപയോഗപ്പെടുത്തി സംഖ്യാ വ്യാഖ്യാനം സ്ഥാന വില എന്നിവ ഉറപ്പിക്കുക

3. ഗണിത കേളികളിലൂടെ കുട്ടികളിൽ ഗണിതാഭിരുചി വളർത്തുക.4. മനക്കണക്കുകൾ പ്രയോജനപ്പെടുത്തി കുട്ടികളിൽ ഗണിത ചിന്ത വളർത്തുക.

5. ഗണിത മാഗസിനുകൾ നിർമ്മിക്കുക [സംഖ്യ പാട്ട് സംഖ്യചിത്രം പാറ്റേണുകൾ ശേഖരണം ]

6. പ്രശ്നാപഗ്രഥനത്തിന് കൂടുതൽ സാധ്യത ക്ലാസ് റൂമിൽ നൽകുക.

## പരിസര പഠനം

1. ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നതിലൂടെ കുട്ടികളിൽ നിരീക്ഷണ പാഠവം വളർത്തുക.
2. ലഘുപരീക്ഷണങ്ങളിൽ സ്വയം ഏർപ്പെടുന്നതിനും കണ്ടെത്തലുകൾ രേഖപ്പെടുത്തുന്നതിനും പരീക്ഷണക്കുറിപ്പ് തയ്യാറാക്കുന്നതിനും പ്രാപ്തരാക്കുക. ശാസ്ത്രഭിരുചി വളർത്താൻ ഉതകുന്ന തരത്തിലുള്ള ശാസ്ത്രമൂല ഒരുക്കുക.
3. താരതമ്യം നിഗമനത്തിൽ എത്തിച്ചേരൽ തുടങ്ങിയ കഴിവുകൾ കുട്ടികളിൽ വളർത്തുക .

## ഇംഗ്ലീഷ്

1. ഇംഗ്ലീഷ് ഭാഷ കേൾക്കാനും പ്രയോഗിക്കാനും കൂടുതൽ അവസരങ്ങൾ ഒരുക്കുക.
2. കമ്മ്യൂണിറ്റി ഇംഗ്ലീഷ് ക്ലാസ് ഇംഗ്ലീഷ് ക്യാമ്പ് എന്നിവയിലൂടെ കുട്ടികൾക്ക് ഭയരഹിതമായി ഭാഷ കൈകാര്യം ചെയ്യാനുള്ള സന്ദർഭങ്ങൾ സൃഷ്ടിക്കുന്നു.3. ചിത്രവായന നടത്താനും ചോദ്യങ്ങൾ ചോദിക്കാനും ഓരോ കുട്ടിയെയും പ്രാപ്തരാക്കുക.
4. ചിത്രവിവരണം തയ്യാറാക്കാൻ പ്രാപ്തരാക്കുക .
5. ഇംഗ്ലീഷ് അസംബ്ലിയിലൂടെ വിവിധതരം പ്രവർത്തനങ്ങൾ [പത്രവായന , ഡയറി വായന, പ്രതിജ്ഞ, കഥ ] കുട്ടികൾ ഏറ്റെടുത്ത് അവതരിപ്പിക്കാൻ അവസരം നൽകുക.

## സർഗാത്മക മേഖല

1 പാട്ടരങ്ങിലൂടെ കുട്ടികളിൽ താളബോധം ഉണ്ടാക്കാനും ഈണത്തിൽ പാട്ടുകൾ പാടാനും അവസരം ഒരുക്കുന്നു.
2. ഡയറി എഴുത്തിലൂടെ ഭാവന വികാസം.
3. പ്രകൃതി നടത്തത്തിലൂടെ കുട്ടികളിൽ സർഗാത്മക ചിന്ത വികസിക്കുന്നു.
4. ബാലസഭ, സർഗവേള തുടങ്ങിയ വേദികളിൽ കഴിവുകൾ പ്രകടിപ്പിക്കാൻ കുട്ടികൾക്ക് അവസരം നൽകുന്നു.

# ആരോഗ്യ കായിക പഠനം

1. കുട്ടികളുടെ മാനസികവും ശാരീരികവുമായ ആരോഗ്യത്തിന് മുൻതൂക്കം നൽകിക്കൊണ്ട് കായിക വിനോദങ്ങളിലും വ്യത്യസ്ത വ്യായാമങ്ങളിലും ഏർപ്പെടുത്തുക.
2. കുട്ടികളുടെ തൂക്കം ആരോഗ്യം എന്നിവ പരിശോധിക്കുന്നു. രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസുകൾ നൽകുന്നു.
3. പാഠഭാഗങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ട് കുട്ടികൾക്ക് ആരോഗ്യ കായിക വിദ്യാഭ്യാസം ഉറപ്പുവരുത്തുക.

# അക്കാദമിക നിലവാരം

ഓരോ ക്ലാസിലേയും 90% കുട്ടികളും പഠന പ്രവർത്തനങ്ങളിൽ ഏറെ മുന്നിട്ടുനിൽക്കുന്നത് ഞങ്ങളുടെ നേട്ടം തന്നെയാണ്. വായന ലേഖനം തുടങ്ങിയ ഭാഷാശേഷികൾ 95% കുട്ടികളും നേടി കഴിഞ്ഞു. മലയാളത്തിളക്കം പദ്ധതിയിൽ ഈ സ്കൂളിൽ നിന്നും പങ്കെടുക്കുന്ന കുട്ടികളുടെ എണ്ണം വിരലിൽ എണ്ണാവുന്നതാണ് ഇത് ഞങ്ങൾക്ക് ഏറെ അഭിമാനിക്കാവുന്ന കാര്യമാണ്. ഇംഗ്ലീഷ് ഭാഷയിലും വായന ലേഖനം പ്രവർത്തനങ്ങളിൽ കുട്ടികൾ ഉന്നത നിലവാരം പുലർത്തുന്നു. പരീക്ഷയിലും നമ്മുടെ കുട്ടികൾ മികവാർന്ന വിജയം കൈവരിച്ചിട്ടുണ്ട്. വ്യത്യസ്ത ദിനാചരണവുമായി ബന്ധപ്പെട്ട് സബ്ജില്ലാതലത്തിൽ നടത്തുന്ന ക്വിസ് മത്സരങ്ങളിൽ പങ്കെടുക്കുകയും മികച്ച വിജയം കൈവരിക്കുവാനും കുട്ടികൾക്ക് കഴിഞ്ഞിട്ടുണ്ട് . ശാസ്ത്ര പരീക്ഷണങ്ങളിൽ ഏർപ്പെടുകയും പരീക്ഷണ നിരീക്ഷണങ്ങളിലൂടെ നിഗമനങ്ങളിൽ എത്തിച്ചേർന്ന് മികവുത്സവങ്ങളിൽ അവതരിപ്പിക്കുവാനും കുട്ടികൾ പ്രാപ്തരായിട്ടുണ്ട് .

# അവസ്ഥാ പഠനം

ഭാഷ ഗണിതം പരിസരപഠനം ഇംഗ്ലീഷ് എന്നീ വിഷയങ്ങളിൽ കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ തിരിച്ചറിയുകയും വേണ്ട പിന്തുണ നൽകാനും ചെയ്യാൻ വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാനും അവസ്ഥാ പഠനം സഹായിച്ചു.

## ഭാഷ

അക്ഷരങ്ങൾ, പദങ്ങൾ, വാക്യങ്ങൾ ഇവ തിരിച്ചറിഞ്ഞ് വായിക്കാൻ മുഴുവൻ കുട്ടികൾക്കും സാധിക്കുന്നുണ്ടെങ്കിലും ചിലരെങ്കിലും ആശയവ്യക്തതയോടെ സ്വതന്ത്രമായി വായിക്കാൻ പ്രയാസം നേരിടുന്നു.

പിന്തുണ വേണ്ടവർക്ക് വായനക്കാർഡ് മറ്റ് സാമഗ്രികൾ നൽകി മുന്നോട്ട് കൊണ്ടുവരാൻ വേണ്ട പ്രവർത്തനങ്ങൾ നടത്തുന്നു .

ഭൂരിഭാഗം കുട്ടികളും തെറ്റില്ലാതെ ലഘുവാക്യങ്ങൾ വിവരണങ്ങൾ എഴുതുന്നു.

ഒഴുക്കോടെ വായിക്കാൻ പ്രയാസം നേരിടുന്നുണ്ട്.

സ്വതന്ത്രമായ ആശയപ്രകടനം, വാചികമായി ഭാഷ പ്രയോഗിക്കുന്നതിനുള്ള കഴിവ് എന്നിവയിൽ കുട്ടികൾ മുന്നോട്ട് വരേണ്ടതുണ്ട്.

സർഗ്ഗാത്മക ചിന്തകളിൽ വിടവ് നേരിടുന്നു. ഈണത്തിൽ പാടൽ, ഭാവാത്മകമായി കഥ അവതരിപ്പിക്കാൻ തുടങ്ങിയ മേഖലകളിൽ ഇനിയും കുട്ടികൾ മെച്ചപ്പെടേണ്ടതുണ്ട്

## ഗണിതം

ചതുഷ്ക്രിയകൾ കുട്ടികൾ ചെയ്യുന്നുണ്ടെങ്കിലും പ്രശ്നാപഗ്രഥനത്തിൽ കുട്ടികൾ പ്രയാസം നേരിടുന്നു.

സംഖ്യാ വ്യാഖ്യാനം ചെയ്യുന്നുണ്ടെങ്കിലും സംഖ്യാബോധം ചിലർക്കെങ്കിലും ഉറച്ചിട്ടില്ല

മനക്കണക്കിനുള്ള സാധ്യതകൾ കൂടുതൽ നൽകേണ്ടതുണ്ട്.

പ്രശ്നങ്ങൾ സ്വയം അപഗ്രഥിക്കാൻ പ്രയാസം നേരിടുന്നു .

പാറ്റേണുകൾ രൂപീകരിക്കാൻ പ്രയാസം നേരിടുന്നു.

## പരിസരപഠനം

നിരീക്ഷണത്തിൽ ഏർപ്പെട്ട് അപഗ്രഥനത്തിൽ എത്തിച്ചേരാൻ ചിലർ പ്രയാസം നേരിടുന്നു. ലഘുപരീക്ഷണങ്ങൾ ചെയ്യാനും മനസ്സിലാക്കാനും സാധിക്കുന്നുണ്ടെങ്കിലും പരീക്ഷണക്കുറിപ്പ് കൃത്യമായി തയ്യാറാക്കാൻ കുട്ടികൾക്ക് ബുദ്ധിമുട്ട് നേരിടുന്നു

## ഇംഗ്ലീഷ്

ലഘുപദങ്ങൾ വാക്യങ്ങൾ വായിക്കാൻ പറ്റുന്നുണ്ടെങ്കിലും വാക്യഘടന പാലിച്ച് എഴുതാൻ പ്രയാസം നേരിടുന്നു.

ആശയപ്രകടനത്തിന് പ്രയാസം നേരിടുന്നു .

പറയുന്ന കാര്യങ്ങൾ മനസ്സിലാക്കി പ്രതികരിക്കുന്നുണ്ടെങ്കിലും സ്വതന്ത്രമായി ഇംഗ്ലീഷ് സംസാരിക്കാൻ കഴിയുന്നില്ല. കഥാപുസ്തകങ്ങൾ വായിക്കാൻ പ്രയാസം നേരിടുന്നു.

# ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| വിദ്യാലയത്തിലെ ഓരോ കുട്ടിയിലും ബാലസാഹിത്യകൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുണ്ടാക്കുക. വായിച്ച കഥയുടെ ആശയം ചോർന്നു പോകാതെ അവതരിപ്പിക്കുക. സൂചനകളിൽ നിന്ന് സ്വന്തമായി കഥ സൃഷ്ടിക്കുക. | കഥകൾ കേൾക്കാൻ അവസരം ഒരുക്കൽ.<br>ഒരു ദിവസം ഒരു കഥ ടീച്ചർ ക്ലാസിൽ അവതരിപ്പിക്കുന്നു.<br>രക്ഷിതാക്കൾക്ക് കഥപറയാൻ പരിശീലനം. | ജൂൺ | SRG<br>അധ്യാപകർ<br>രക്ഷിതാക്കൾ |
| | ടീച്ചർ ഭാവാത്മകമായി പറയുന്ന കഥയിലെ ആശയങ്ങൾ പങ്കിടൽ<br>വീട്ടു വായന<br>കേട്ട, വായിച്ച കഥയിലെ ആശയങ്ങൾ ചിത്രീകരണം.<br>ഡിജിറ്റൽ കഥകൾ കാണാൻ കേൾക്കാൻ അവസരം. | ജൂലൈ | SRG<br>അധ്യാപകർ<br>രക്ഷിതാക്കൾ |
| | ചിത്ര, വായനക്കാർഡുകൾ നിർമ്മാണ ശില്പശാല<br>ക്ലാസ്സ് ലൈബ്രറികൾ ശക്തമാക്കൽ<br>ഇഷ്ടമുള്ള കഥ പറയാം | ആഗസ്റ്റ് | SRG<br>അധ്യാപകർ<br>രക്ഷിതാക്കൾ |
| | സൂചനകൾ കൊടുത്തതനുസരിച്ച് കഥകൾ സ്വന്തമായി എഴുതി അവതരിപ്പിക്കുക<br>പതിപ്പാക്കുക | ആഗസ്റ്റ് to മാർച്ച് | SSK<br>SRG<br>അധ്യാപകർ<br>രക്ഷിതാക്കൾ |
| | ലൈബ്രറി പുസ്തകങ്ങളുമായി കൂട്ടുകൂടാം<br>ഇഷ്ടപുസ്തകം തിരഞ്ഞെടുക്കൽ<br>ചിത്ര കാർഡുകളിലൂടെ (ആഴ്ചയിൽ ഒന്ന്) | സെപ്റ്റംബർ | SRG<br>അധ്യാപകർ<br>കുട്ടികൾ<br>സമീപ<br>വായനശാല |
| | കഥമെനയാം (ചിത്രം നോക്കി)<br>കൂട്ടുകാരുമായി പങ്കുവയ്ക്കാം [ ചിത്രം, കഥയിലെ ആശയം പറയൽ]<br>പുസ്തകങ്ങളിലെ ഇഷ്ട കഥാപാത്രത്തെ കൂട്ടുകാർക്ക് പരിചയപ്പെടുത്തൽ [ലൈബ്രറി വായന, റീഡേഴ്സ് തിയേറ്റർ ] | ഒക്ടോബർ | SRG<br>അധ്യാപകർ<br>രക്ഷിതാക്കൾ<br>വായനശാല |
| | ലളിതമായ വായനക്കാർഡുകൾ വായന<br>ബാലസഭ പോലുള്ള വേദികളിൽ കഥപറയൽ<br>കുട്ടികൾ കൂട്ടുകൂടിയിരുന്നു കൂട്ടവായന [റീഡേഴ്സ് തിയേറ്റർ ] | നവംബർ | SRG<br>അധ്യാപകർ |
| | കുട്ടികൾ വായിച്ച കഥകൾ ചുരുക്കി പറയൽ<br>രക്ഷിതാക്കളുടെ പിന്തുണയുടെ വീട്ടുവായന<br>വായന കേൾപ്പിക്കൽ [റെക്കോർഡഡ് ഓഡിയോ] | ഡിസംബർ | SRG<br>അധ്യാപകർ<br>രക്ഷിതാക്കൾ |

| | | | |
|---|---|---|---|
| | വായിച്ച കഥകളെക്കുറിച്ച് കുറിപ്പ് എഴുതൽ<br>വായിച്ച കഥയിലെ കഥാപാത്രങ്ങളെ ചിത്രീകരിക്കൽ<br>കഥയുടെ ബാക്കി പറയാം | ജനുവരി | SRG<br>അധ്യാപകർ<br>രക്ഷിതാക്കൾ |
| | ലൈബ്രറി പുസ്തകങ്ങൾ വായിക്കുന്നു.<br>വായിച്ച കഥയിലെ ആശയങ്ങൾ മറ്റുള്ളവരുമായി പങ്കുവെക്കുന്നു | ഫെബ്രുവരി | SRG<br>അധ്യാപകർ<br>രക്ഷിതാക്കൾ<br>വായനശാല |
| തെറ്റ് കൂടാതെ വാക്യങ്ങൾ വിവരണങ്ങൾ ഇടങ്ങിയവ എഴുതൽ<br>കുട്ടികളുടെ സർഗ്ഗാത്മക രചനകൾ പതിപ്പ് രൂപത്തിലാക്കുക. | ചിത്രവായന<br>ആശയങ്ങൾ കൃത്യതയോടെ പറയുന്നു<br>ഗ്രൂപ്പിൽ ചിത്രത്തിലെ ആശയങ്ങൾ പങ്കിടൽ | ജൂൺ | SRG<br>അധ്യാപകർ |
| | ആശയങ്ങൾ ലഘുവാക്യങ്ങൾ എഴുതി പ്രകടിപ്പിക്കുന്നു<br>എഡിറ്റിംഗ് [ പരസ്പരം ]<br>ഗ്രൂപ്പിൽ ചിത്ര വായന, എഴുത്ത്, വിലയിരുത്തൽ | ജൂലൈ | SRG<br>അധ്യാപകർ |
| | അക്ഷരങ്ങൾ, ചിഹ്നങ്ങൾ തെറ്റി വരുത്തുന്ന വർക്ക് ഷീറ്റ് നൽകി ചിഹ്നങ്ങൾ ഉറപ്പിക്കാൻ അവസരം.<br>പിന്തുണാ ക്ലാസ് | ആഗസ്റ്റ് | SRG<br>അധ്യാപകർ<br>രക്ഷിതാക്കൾ |
| | കഥാ ചാർട്ട് - കഥ വായിച്ച് ബാക്കി ഭാഗം പറയൽ എഴുതൽ<br>ചിത്രം നോക്കി ഭാഗങ്ങൾ എഴുതൽ<br>എന്റെ വളരുന്ന കഥാപുസ്തകം | സെപ്റ്റംബർ<br>to മാർച്ച് | SRG<br>അധ്യാപകർ<br>രക്ഷിതാക്കൾ |
| | കൂട്ടുകൂടാം കഥ പറയാം എഴുതാം<br>സന്ദർഭങ്ങൾക്ക് അനുസരിച്ച് സംഭാഷണം തയ്യാറാക്കൽ - അവതരണം<br>വിലയിരുത്തൽ<br>മെച്ചപ്പെടുത്തിയെഴുത്ത്<br>ചാർട്ട് പ്രദർശനം | ഒക്ടോബർ | SRG<br>അധ്യാപകർ<br>രക്ഷിതാക്കൾ |
| | വായനാ കാർഡുകൾ ആശയങ്ങൾ വരുന്ന ചോദ്യോത്തരങ്ങൾ ഉണ്ടാക്കൽ | നവംബർ | SRG<br>അധ്യാപകർ |
| | ചിത്രവിവരണം<br>വായിച്ച കഥയിലെ ആശയങ്ങൾ മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നു | ഡിസംബർ<br>to മാർച്ച് | SRG<br>അധ്യാപകർ<br>PTA |
| മികച്ച ഭാഷയിൽ എഴുതുന്നതിനും സ്വതന്ത്ര വായന നടത്തുന്നതിനും കൃത്യമായ | പ്രകൃതി നടത്തം<br>ഞാൻ പറയാം | ജൂൺ | SRG<br>അധ്യാപകർ |
| | സർഗ്ഗ വേള<br>ക്യാമ്പ്<br>ബാലസഭ | ജൂലൈ to മാർച്ച് | SRG<br>അധ്യാപകർ |

| | | | |
|---|---|---|---|
| സന്ദർഭങ്ങളിൽ ഉചിതമായ രീതിയിൽ ആശയപ്രകടനത്തിനും സാധ്യമാക്കുക . | കഥ മെനയാം<br>എഴുതാം<br>എന്റെ കഥാപുസ്തകം | ആഗസ്റ്റ് to മാർച്ച് | SRG<br>അധ്യാപകർ |
| | ചിത്ര വായന സ്വയം ഭാഷണത്തിനുള്ള അവസരം | സെപ്റ്റംബർ | SRG<br>അധ്യാപകർ |
| | ക്ലാസ് ലൈബ്രറി<br>പുസ്തകപരിചയം<br>ഒരു കഥ പറയാം | ഒക്ടോബർ | SRG<br>അധ്യാപകർ |
| | വായിച്ച കഥ സംഭാഷണമാക്കൽ<br>കഥകളുടെ രംഗാവിഷ്കാരം<br>ആസ്വാദനക്കുറിപ്പ് | നവംബർ<br>to മാർച്ച് | SRG<br>അധ്യാപകർ |
| | ഓരോ കുട്ടിക്കും ഓരോ മാസിക   കഥകൾ<br>ഡയറിക്കുറിപ്പ്<br>സംഭാഷണം<br>ആസ്വാദനക്കുറിപ്പ്<br>ആത്മകഥ<br>പാചകക്കുറിപ്പ് | ആഗസ്റ്റ് to മാർച്ച് | SRG<br>അധ്യാപകർ<br>CPTA |
| ദൈനംദിന കാര്യങ്ങൾ ആശയം ചോർന്നു പോകാതെ സർഗാത്മകമായി എഴുതി അവതരിപ്പിക്കുന്നു | 2,3,4 ക്ലാസ്സുകാർ ജൂൺ ആദ്യവാരം മുതൽ ഡയറി എഴുതുന്നു<br>ഒന്നാം ക്ലാസ് ജൂലൈ പകുതി മുതൽ ഡയറി എഴുതുന്നു.<br>സംയുക്ത ഡയറി<br>സചിത്ര ഡയറി<br>സർഗാത്മക ഡയറി | ജൂൺ to മാർച്ച് | SRG<br>അധ്യാപകർ<br>രക്ഷിതാക്കൾ |
| | ഓരോ കുട്ടിക്കും ഓരോ ഡയറി | മാർച്ച് | SRG<br>അധ്യാപകർ<br>രക്ഷിതാക്കൾ |

# ഗണിതം

| | | | |
|---|---|---|---|
| ചതുഷ്ക്രിയകൾ നിർദ്ധാരണം ചെയ്യുന്നതിന് പ്രാപ്തരാക്കൽ. ഗണിത കേളികളിൽ ഏർപ്പെടുന്നതിലൂടെ ഗണിതത്തോടുള്ള താൽപര്യം വർദ്ധിപ്പിക്കുന്നു. [ മഞ്ചാടി സഞ്ചി പ്രയോജനപ്പെടുത്തൽ ] | മൂർത്ത വസ്തുക്കൾ ഉപയോഗിച്ച് എണ്ണുന്നു, തരംതിരിക്കൽ, കൂട്ടങ്ങളാക്കൽ | ജൂൺ | SRG<br>അധ്യാപകർ<br>രക്ഷിതാക്കൾ |
| | സംഖ്യ വ്യാഖ്യാനം അബാക്കസിൽ ക്രമീകരിക്കുന്നു | ജൂലൈ | SRG<br>അധ്യാപകർ |
| | സങ്കലന വ്യവകലന ക്രിയകൾ ചെയ്യുന്നു | ആഗസ്റ്റ് | SRG<br>അധ്യാപകർ |
| | പാറ്റേണുകൾ നിർമ്മാണം, ഗണിത ശില്പശാല നടത്തൽ , സംഖ്യ പോക്കറ്റ്, സംഖ്യകാർഡ്, സംഖ്യാചക്രം എന്നിവ നിർമ്മിക്കുന്നു | സെപ്റ്റംബർ to ഒക്ടോബർ | SRG<br>അധ്യാപകർ |
| | നിർമ്മിച്ച മൂർത്തവസ്തുക്കൾ ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു. ഗുണനക്രിയകൾ ചെയ്യുന്നു | നവംബർ ഡിസംബർ | SRG<br>അധ്യാപകർ |
| | സംഖ്യ വ്യാഖ്യാനം, ഹരണക്രിയകൾ നിർദ്ധാരണം ചെയ്യൽ | ജനുവരി to മാർച്ച് | SRG<br>അധ്യാപകർ |
| സംഖ്യകളെ വ്യാഖ്യാനിച്ച് പറയാൻ കഴിവുള്ളവരാക്കുക സംഖ്യാബോധം ഉറപ്പിക്കുക. | ഗണിതകളികൾ, ഗണിത പസിലുകൾ , മുന്നിൽ പിന്നിൽ | ജൂൺ | SRG<br>അധ്യാപകർ |
| | പാറ്റേൺ നിർമ്മാണം, കൂട്ടങ്ങളാക്കൽ | ജൂലൈ to ആഗസ്റ്റ് | SRG<br>അധ്യാപകർ<br>രക്ഷിതാക്കൾ |
| | കളിനോട്ടുകൾ ഉപയോഗിച്ച് സംഖ്യ നിർമ്മിക്കൽ | സെപ്റ്റംബർ to ഒക്ടോബർ | SRG<br>അധ്യാപകർ<br>രക്ഷിതാക്കൾ |
| | ഗണിത കളികൾ, സംഖ്യാകാർഡ് നിർമ്മാണം | നവംബർ to ഡിസംബർ | SRG<br>അധ്യാപകർ<br>CPTA |
| | സംഖ്യാ ബന്ധം കണ്ടെത്തൽ<br>ഏത് സംഖ്യ കൊടുത്താലും വ്യാഖ്യാനിക്കാനുള്ള ശേഷി വളർന്നു | ജനുവരി to മാർച്ച് | SRG<br>അധ്യാപകർ<br>രക്ഷിതാക്കൾ |
| പ്രശ്നങ്ങൾ സ്വയം അപഗ്രഥിച്ച് | മനക്കണക്ക് ചെയ്യാൻ അവസരം<br>കുസൃതി ചോദ്യങ്ങൾ | ജൂൺ to ജൂലൈ | SRG<br>അധ്യാപകർ |

| | | | |
|---|---|---|---|
| ഉത്തരത്തിൽ എത്തിച്ചേരാൻ പ്രാപ്തരാക്കൽ | ചോദ്യങ്ങൾ വായിച്ച് സ്വയം വഴി കണ്ടെത്താനും അപഗ്രഥിക്കാനും<br>പ്രശ്നാപഗ്രഥന ചോദ്യങ്ങൾ തയ്യാറാക്കുന്നു | ആഗസ്റ്റ് to ഒക്ടോബർ | SRG അധ്യാപകർ |
| | ഓരോ യൂണിറ്റുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ സ്വയം വായിച്ച് മനസ്സിലാക്കാൻ സാധിക്കുന്നവർക്ക് വർക്ക് ഷീറ്റുകൾ അധിക പ്രവർത്തനമായി നൽകുന്നു | നവംബർ to മാർച്ച് | SRG അധ്യാപകർ |
| മാഗസിനുകളുടെ നിർമ്മാണം | ഗണിത പാട്ടുകൾ, ഗണിത പസിലുകൾ, കുസൃതി കണക്കുകൾ, ജ്യാമിതീയ നിർമ്മിതികൾ തുടങ്ങി ഗണിതവുമായി ബന്ധപ്പെട്ടുള്ള മാഗസിൻ നിർമ്മാണം | ജൂൺ to മാർച്ച് | SRG അധ്യാപകർ CPTA |

# പരിസര പഠനം

| | | | |
|---|---|---|---|
| തന്റെ ചുറ്റുപാടുകൾ നിരീക്ഷിക്കുന്നതിനും വിശകലനം നടത്തുന്നതിനും ചോദ്യങ്ങൾ ചോദിക്കുന്നതിനും കഴിവുള്ളവരാകുക. | എന്റെ വിദ്യാലയ പരിസരം, എന്റെ വീടും പരിസരവും നിരീക്ഷണം<br>ചെടികൾ, ജീവജാലങ്ങൾ എന്നിവയെ തിരിച്ചറിയുന്നു<br>ഒരു മരം നടാം | ജൂൺ to ആഗസ്റ്റ് | SRG<br>അധ്യാപകർ<br>രക്ഷിതാക്കൾ |
| | ഫീൽഡ് ട്രിപ്പ്, പ്രകൃതി നടത്തം, പൂന്തോട്ട നിർമ്മാണം | ജൂൺ to മാർച്ച് | SRG<br>അധ്യാപകർ<br>CPTA |
| പരീക്ഷണങ്ങൾ സ്വയം ചെയ്യാനും താരതമ്യ പഠനത്തിനും കുട്ടികളെ പ്രാപ്തരാക്കുക | പരീക്ഷണ മൂല ഒരുക്കുന്നു<br>ഓരോ ക്ലാസിലും ലഘുപരീക്ഷണങ്ങൾ ചെയ്യാൻ വേണ്ട വസ്തുക്കൾ ശേഖരിച്ച് സജ്ജീകരിക്കുന്നു. | ജൂൺ to ജൂലൈ | SRG<br>അധ്യാപകർ<br>CPTA |
| | പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ സ്വയം ചെയ്യൽ, നിഗമനം രൂപീകരിക്കൽ, അപഗ്രഥനം | ജൂൺ to മാർച്ച് | SRG<br>അധ്യാപകർ<br>CPTA |
| താരതമ്യ പഠനത്തിനും നിഗമനത്തിലെത്തുന്നതിനും കുട്ടികളിൽ കഴിവ് വളർത്തുക | തൊഴിൽ, കൃഷി, വീട്, സസ്യങ്ങൾ, പൊതു ഇടങ്ങൾ, പൊതു സ്ഥാപനങ്ങൾ, മഴ കലണ്ടർ, ജീവജാലങ്ങൾ, സ്വാതന്ത്ര്യ സമര ചരിത്രം, സൗരയൂഥം, ഭൂപടം, പ്രഥമ ശുശ്രൂഷ എന്നിവ തിരിച്ചറിയുന്നു.<br>താരതമ്യം ചെയ്യുന്നു<br>വിവിധ വിഷയവുമായി ബന്ധപ്പെട്ട് സർവ്വേകൾ നടത്തുന്നു | ജൂൺ to മാർച്ച് | SRG<br>അധ്യാപകർ<br>രക്ഷിതാക്കൾ |

# English

## Aim:

To speak, read and write English without any mistakes.

## Time:

June to March

## Pretest

To check the vocabulary and writing skill of pupils .

### June & July

To develop listening skills and reading skills

#### *Listening skills*

1. Games, action songs, Hello English activities2. Conversations, Skit, stories use ICT

#### *Speaking skills*

1. Identify the naming words from the picture.

2. identify the action words from the same picture.3. Make Simple sentences using the action word and naming words about the picture .

4. Make a simple description about the picture.

5. Growing sentences, picture reading, self introduction, assembly are also conducted .

#### *Activities*

Speech

Book reviews

Self introduction

Quiz

Riddles etc

### August & September

Develop the creative speaking and writing skills.

#### *Reading Skills*

1. Newspaper reading, library books reading, reading cards, book review, reading breaking news, conducting English assembly

2. Collect and read past tense

3. Writing rhyming words

4. Describing pictures

5. Text book activities.

### *Writing skills*

1. Make word web

2. Picture description with describing words

3. Word chain and sentence chain

4. Make words and sentences

5. Make riddles, conversations

6. Add more lines

7. Daily diary writing

### *Activities*

Speech

Book review

Quiz

Riddles

Self introduction

Make a description

Magazines etc

## October & November

1. Newspaper reading, library book reading, book review, reading cards, conducting English assembly

2. Conversation, Skit, stories using ICT

3. Reading breaking news

4. developing stories

5. Reading notice

### *Writing skills*

Description

Proclamation notice

Thoughts

Daily diary

### *Activities*

Speech

Quiz

Riddles

Magazine

Skits etc

## December & January

1. Develop the creative speaking and writing skills

2. To express thoughts, feelings etc

### *Reading skill*

1. News paper reading, library books reading, book review, reading Cards, (English Assembly)

2. Conversations, skit, stories using ICT materials

3. Reads breaking News

4. Developing stories from hints

5. Reads diary

6. Read letters from friends

### *Writing Skills*

I. diary

2. letter

3. Announcement.

### *Activities*

Speech

Quiz

Riddles

Magazines

Skits

Class room activities etc

## February and March

To improve the presentation

### *Reading skills*

1. News paper reading, library books reading, book review, reading

2. Conversation, skit stories using ICT materials

3. Reading, Breaking News

4. Develop story from hints

5. Reads diary

6. Read letters from friends

### *Writing skills*

1. Diary

2. letter

3. Announcement

4. Description

5. Proclamation Notice

6. Thoughts

### *Activities*

Speech

Quiz

Riddles

Magazines.

Skits

Exhibitions etc.

# സർഗാത്മക മേഖല

| | | | |
|---|---|---|---|
| കുട്ടികളിൽ അന്തർലീനമായ കഴിവുകൾ കണ്ടെത്തി കുട്ടികളെ പ്രോൽസാഹിപ്പിക്കുക കവിതാപൂരണത്തിനും താളബോധത്തോടെ വരികൾ കൂട്ടിച്ചേർത്ത് കവിതകൾ പാടാനും കുട്ടികളെ പ്രാപ്തരാക്കുക | പാട്ടുകൾ കേൾക്കാൻ അവസരം<br>കേട്ടതോ വായിച്ചതോ ആയ പാട്ടുകൾ പാടാൻ അവസരം | ജൂൺ | SRG<br>അധ്യാപകർ<br>CPTA |
| | കുട്ടികൾ തയ്യാറാക്കുന്ന വാദ്യോപകരണങ്ങളുടെ സഹായത്തോടെ പാട്ടുകൾ പാടുന്നു<br>വരികൾ കൂട്ടിച്ചേർക്കുന്നു<br>ഈണം കണ്ടെത്തി അവതരിപ്പിക്കുന്നു | ജൂൺ to മാർച്ച് | SRG<br>അധ്യാപകർ<br>CPTA |
| | സ്വന്തമായി എഴുതുന്ന പാട്ടുകൾ പതിപ്പുരൂപത്തിലേക്ക് മാറ്റുന്നു | ജൂൺ to മാർച്ച് | SRG<br>അധ്യാപകർ<br>CPTA |
| | ബാലസഭയിൽ അവതരിപ്പിക്കൽ | ജൂൺ to മാർച്ച് | SRG<br>അധ്യാപകർ |
| പ്രകൃതി നടത്തത്തിലൂടെ കുട്ടികളിൽ സർഗാത്മക ചിന്തയുള്ള അവസരം ഒരുക്കൽ | പ്രകൃതി നിരീക്ഷണത്തിലൂടെ ചുറ്റുപാടിനെ അറിയുന്നു<br>പ്രകൃതിയുടെ താളഭംഗി (മഴ, പുഴ) ആസ്വദിക്കുന്നു<br>പക്ഷികളുടെ കളകൂജനം കേൾക്കുന്നതിലൂടെ വ്യത്യസ്തതരം താളങ്ങളെ കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുന്നു<br>അനുകരണത്തിന് അവസരം ലഭ്യമാക്കുന്നു.<br>വിവരണം, കവിത കഥ തുടങ്ങിയവ രചിക്കാനുള്ള പ്രചോദനം ലഭിക്കുന്നു | ജൂൺ to മാർച്ച് | SRG<br>അധ്യാപകർ<br>CPTA |

# ആരോഗ്യ കായിക വിദ്യാഭ്യാസം

| | | | |
|---|---|---|---|
| കുട്ടികളുടെ തൂക്കം ആരോഗ്യം എന്നിവ പരിശോധിക്കുന്നു. രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസുകൾ നൽകുന്നു | കുട്ടികളുടെ ഉയരം തൂക്കം കണക്കാക്കുന്നു. BMI പരിശോധിക്കുന്നു .<br>രക്ഷിതാക്കൾക്ക് ബോധവത്കരണ ക്ലാസുകൾ നൽകുന്നു.<br>വ്യത്യസ്ത കായിക വ്യായാമങ്ങളിൽ ഏർപ്പെടുത്തുന്നു. | ജൂൺ സെപ്റ്റംബർ ഡിസംബർ | SRG അധ്യാപകർ<br>CPTA |
| കുട്ടികളുടെ മാനസികവും ശാരീരികവുമായ ആരോഗ്യത്തിന് മുൻതൂക്കം നൽകിക്കൊണ്ട് കായിക വിനോദങ്ങളിലും വ്യായാമങ്ങളിലും ഏർപ്പെടുത്തുക | സുംബാ ഡാൻസ്, എയറോബിക്സ് എക്സൈസ്, യോഗ തുടങ്ങിയവ പരിചയപ്പെടുത്തുന്നു.<br>വ്യായാമങ്ങളിൽ പങ്കാളികളാകുന്നു വ്യത്യസ്ത കളികൾ ഏർപ്പെടുത്തുന്നു.<br>പോഷകാഹാരം ഉറപ്പുവരുത്തുന്നു. | ജൂൺ to മാർച്ച് | SSK<br>SRG അധ്യാപകർ<br>PTA |
| പാഠഭാഗങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ട് കുട്ടികൾക്ക് ആരോഗ്യ കായിക വിദ്യാഭ്യാസം ഉറപ്പുവരുത്തുക | പാഠഭാഗവുമായി ബന്ധപ്പെട്ട വ്യായാമങ്ങൾ, കളികൾ എന്നിവയിൽ കുട്ടികളെ പങ്കാളികളാക്കുന്നു<br>ഒറ്റയും സംഘമായും കളിക്കുന്ന വ്യത്യസ്ത കളികൾ പരിചയപ്പെടുത്തുന്നു. | ജൂൺ to മാർച്ച് | SRG അധ്യാപകർ |

**THANK YOU**